# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ.എ2/26949/2012. തൈക്കാട്, തിരുവനന്തപുരം-14,
തീയതി: 04.09.2012.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - എസ്റ്റാ. - ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളിൽ താൽക്കാലിക നിയമനം - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഒഴിവുകൾ നികത്തുന്നത് - സംബന്ധിച്ച് -

വകുപ്പിലെ വിവിധ സർക്കാർ ഐ.ടി.ഐ.കളിൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകൾ ഗസ്റ്റ് ലക്ചറർമാരെ നിയോഗിച്ച് മാത്രം നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകളിൽ എംപ്ലോയ്മെന്റ്എക്സ്ചേഞ്ചു വഴി താൽക്കാലിക നിയമനം നടത്തുന്നതിനു പകരം ഗസ്റ്റ് ലക്ചറർമാരെ നിയോഗിക്കുന്നത് ശരിയായ നടപടി അല്ല. ആയതിനാൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകൾ ട്രെയിനിംഗിനു നിയോഗിക്കപ്പെട്ടതു മൂലമോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലിസ്റ്റ് ലഭിയ്ക്കാൻ കാലതാമസമുണ്ടാകുന്നതുമൂലമോ, മറ്റേതെങ്കിലും ഒഴിവാക്കാനാവാത്ത ഘട്ടങ്ങളിലോ ഒഴിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി മാത്രം താൽക്കാലികമായി നികത്തേണ്ടതാണ് എന്ന കർശന നിർദ്ദേശം നൽകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്താൻ കഴിയാത്ത ഒഴിവുകളിൽ മാത്രമേ ഇനി മുതൽ ഗസ്റ്റ് ലക്ചറന്മാരെ നിയോഗിക്കാൻ പാടുള്ളു. ഒഴിവുകൾ നികത്താൻ മുൻകൂട്ടി ശ്രമം നടത്തേണ്ടതും തസ്തികകൾ ഒഴിച്ചിടുന്നത് ഒഴിവാക്കേണ്ടതുമാണ്. ഈ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്:-
1. എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.
2. പ്രിൻസിപ്പാൾ, ബി.റ്റി.സി. കൊല്ലം.
3. പ്രിൻസിപ്പാൾ, എ.വി.ടി.എസ്. കളമശ്ശേരി.

പകർപ്പ്:- 1. ഡി.റ്റി, എ.ഡി.റ്റി, ജെ.ഡി.റ്റി എന്നിവരുടെ സി.എ.മാർ.
2. ജെ.ഡി.റ്റി, റീജിയണൽ ഡയറക്ടറേറ്റ്, കണ്ണൂർ.
3. എസ്.എഫ് (എ2)

ഡി/04.09.